മലയാള മനോരമ
ESTABLISHED 1888

Malappuram Edition
Dated 03/02/2025

Page No - 3
Column - 5

# ചാംപ്യൻഷിപ് 8ന്

കോട്ടയ്ക്കൽ● പെൺകുട്ടികൾക്കു മാത്രമായി ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 8ന് വളാഞ്ചേരി എംഇഎസ് എച്ച്എസ്എസ് ഗ്രൗണ്ടിൽ. പ്ലെയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും: www.throwballkerala.com. ഓപ്പൺ സിലക്‌ഷൻ ഉണ്ടായിരിക്കുന്നതല്ല. 8590806050, 9633871688.

ദേശാഭിമാനി
Malappuram Edition
Dated on 03/02/2025
Page No : 4, Column - 1

# ത്രോബോൾ ചാമ്പ്യൻഷിപ്പ് 8ന്

വളാഞ്ചേരി

പെൺകുട്ടികൾക്ക് മാത്രമായുള്ള ഒമ്പതാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് എട്ടിന് വളാഞ്ചേരി എംഇഎസ്എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. ബുധനാഴ്ചക്കകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. www.throwballkerala.com. ഓപ്പൺ സെലക്ഷനുണ്ടാകില്ല. തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെയും തെരഞ്ഞെടുക്കും. ഫോൺ: 8590806050, 9633871688.

Malappuram Edition
Dated 9/02/2025

മലയാള മനോരമ

Page No - 3
Column - 1,2,3

### ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്

# പെൺകുട്ടികളുടെ വിഭാഗത്തിൽ വേങ്ങര പീസ് പബ്ലിക് സ്കൂൾ ചാംപ്യന്മാർ

വളാഞ്ചേരി ● ഇരിമ്പിളിയം എംഇഎസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ വേങ്ങര പീസ് പബ്ലിക് സ്കൂൾ ചാംപ്യന്മാരായി.

വാളക്കുളം കെഎച്ച്എംഎച്ച്എസ്എസിനാണ് രണ്ടാം സ്ഥാനം. പെരിന്തൽമണ്ണ സിൽവർമൗണ്ട് ഇന്റർനാഷനൽ സ്കൂളും ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസും മൂന്നാം സ്ഥാനം പങ്കിട്ടു. മികച്ച കളിക്കാരിയായി ആയിഷ ഫെല്ലയെ (വേങ്ങര പീസ് പബ്ലിക് സ്കൂൾ) തിരഞ്ഞെടുത്തു.



വിജയികൾക്ക് കേരള ത്രോബോൾ അസോസിയേഷൻ വൈസ്പ്രസിഡന്റ് പി.ദിലീപ് ട്രോഫികൾ സമ്മാനിച്ചു. സെക്രട്ടറി ഡോ. ഷമീം പറശ്ശേരി, ജോയിന്റ് സെക്രട്ടറി യഹിയ കുനരി എന്നിവർ പ്രസംഗിച്ചു.

മത്സരം ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ സി. സുരേഷ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ചാംപ്യൻഷിപ്പിലേക്കുള്ള ജില്ലാ ടീം ക്യാംപിലേക്ക് കളിക്കാരെ തിരഞ്ഞെടുത്തു.

Malappuram Edition
Dated - 9/02/2025

ദേശാഭിമാനി

Page No - 4
Column - 6,7,8

## സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# വേങ്ങര പീസ് പബ്ലിക് സ്കൂൾ ജേതാക്കൾ



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ വേങ്ങര പീസ് പബ്ലിക് സ്കൂൾ

**വളാഞ്ചേരി**

വളാഞ്ചേരി എംഇഎസ് സ്കൂളിൽ നടന്ന ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ വേങ്ങര പീസ് പബ്ലിക് സ്കൂൾ ചാമ്പ്യൻമാരായി.

കെഎച്ച്എംഎച്ച്എസ് വാളക്കുളം രണ്ടാംസ്ഥാനം നേടി. സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂൾ പെരിന്തൽമണ്ണയും എംഇഎസ് സ്കൂൾ വളാഞ്ചേരിയും മൂന്നാമതെത്തി.

മികച്ച കളിക്കാരിയായി പീസ് പബ്ലിക് സ്കൂളിലെ ആയിഷ ഫെല്ലയെ തെരഞ്ഞെടുത്തു. ചാമ്പ്യൻഷിപ്പ് ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ സി സുരേഷ് ഉദ്ഘാടനംചെയ്തു. യഹിയ കുനരി സംസാരിച്ചു. പി ദിലീപ് സമ്മാനം നൽകി. ഡോ. ഷമീം പറശേരി നന്ദി പറഞ്ഞു. സംസ്ഥാന ചാമ്പ്യഷിപ്പിനുള്ള ജില്ലാ ടീം തെരഞ്ഞെടുത്തു.